File No.FWLD-A1/4/2018-FWLD

5966
26/3/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൃശ്ശൂർ ഡിവിഷൻ - പട്ടിക്കാട് റെയിഞ്ച് - വാണിയംപാറ സ്റ്റേഷൻ - ഒ.ആർ.05/08 നമ്പർ കേസ് - ശ്രീ. ജി ഹരികൃഷ്ണൻ നായർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പുനഃപരിശോധനാ ഹർജി - പരിഗണിച്ച് കുറ്റവിമുക്തനാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.69/2019/വനം തിരുവനന്തപുരം, തീയതി, 18/02/2019

---

പരാമർശം:- (1) 07.12.2013 ലെ ഡി & പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി6-47761/2013 നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(2) 02.12.2014 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി6-47761/2013 നമ്പർ നടപടി ഉത്തരവ്

(3) 07.12.2016 ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി7-48984/2014 നടപടി ഉത്തരവ്

(4) 26.10.2017 തീയതിയായി ശ്രീ. ജി ഹരികൃഷ്ണൻ നായർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പുനഃപരിശോധന ഹർജി

(5) 14.03.2018, 6.09.2018, 1.01.2019 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി4-9697/2018 നമ്പർ കത്തുകൾ

ഉത്തരവ്

തൃശ്ശൂർ ഡിവിഷൻ പട്ടിക്കാട് റെയിഞ്ചിലെ വാണിയംപാറ സ്റ്റേഷനിലെ ചെളിക്കുഴി ഭാഗം സർക്കാർ വക 1960 തേക്ക് തോട്ടത്തിൽ പ്രവേശിച്ച്

തോട്ടത്തിൽ നിന്നിരുന്ന ഏഴ് തേക്ക് മരങ്ങൾ മുറിച്ച് നീക്കം ചെയ്ത കുറ്റത്തിന് വാണിയംപാറ സ്റ്റേഷനിൽ ഒ.ആർ.05/08 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഈ വിഷയത്തിൽ നഷ്ടപ്പെട്ട തൊണ്ടി തടിയും, തടി കടത്തിക്കൊണ്ടുപോയ വാഹനവും കണ്ടെടുക്കുവാനും ടി കേസ് കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിനും വീഴ്ച വരുത്തിയതിന് കാരണക്കാരായവർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചതിന്റെ ഭാഗമായി റെയിഞ്ച് ഫോറസ്റ്റ്ഓഫീസർ ആയിരുന്ന ശ്രീ.ജി.ഹരികൃഷ്ണൻ നായർക്ക് പരാമർശം (1) പ്രകാരം കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

2) പ്രസ്തുത കേസിലെ സർക്കാർ നഷ്ടമായ 20,000 രൂപയിൽ ടിയാന്റെ ആനുപാതിക നഷ്ടവിഹിതമായ 5,000/- രൂപ ഈടാക്കിക്കൊണ്ടും ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ മൂന്ന് മാസത്തേക്ക് തടഞ്ഞുകൊണ്ടും പരാമർശം (2) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായി.

3) തുടർന്ന് ടിയാൻ സമർപ്പിച്ച അപ്പീൽ പരിശോധിച്ചതിൽ ശ്രീ.ജി.ഹരികൃഷ്ണൻ നായർ, പട്ടിക്കാട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന കാലയളവിൽ ഒ.ആർ.05/08 കേസിലെ 3 പ്രതികളെ ടിയാന്റെ കീഴുദ്യോഗസ്ഥൻ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ടെന്നത് പരിഗണിച്ച് ശിക്ഷയിൽ ഇളവ് നൽകി സർക്കാർ നഷ്ടം മാത്രം ഈടാക്കിക്കൊണ്ട് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം (3) പ്രകാരം ഉത്തരവായി.

4) ടി കേസിൽ നഷ്ടപ്പെട്ട തൊണ്ടിത്തടികൾ വീണ്ടെടുക്കുന്നതിനുള്ള എല്ലാശ്രമങ്ങളും നടത്തിയിട്ടുള്ളതിനാൽ കുറ്റവിമുക്തനാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ശ്രീ.ജി.ഹരികൃഷ്ണൻ നായർ, പരാമർ ശം ( 4 ) പ്രകാരം സർക്കാരിൽ പുനഃപരിശോധനാഹർജി സമർപ്പിച്ചു. ഒ.ആർ. 0 5 / 0 8 നമ്പർ കേസിലെ പ്രതികളെയും വാഹനവും തൊണ്ടി വകകളും കണ്ടെടുക്കുന്നതിന് സ്റ്റേഷൻ സ്റ്റാഫുകൾക്ക് ടിയാൻ നൽകിയിരുന്ന നിർദ്ദേശപ്രകാരം കേസിലെ 3 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ടി വിവരം 17.11.2008 ലെ ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുള്ളതും ടിയാന് ശേഷം വന്ന റെയിഞ്ച് ഓഫീസർമാർക്ക് ടി കേസിലെ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നും പുനഃപരിശോധനഹർജി അനുകൂലമായി പരിഗണിക്കാവുന്നതാണെന്നും പരാമർശം (5) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായപ്പെട്ടു.

5)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. O.R. 05/2008 കേസിലെ പ്രതികളെയും വാഹനവും തൊണ്ടി വകകളും കണ്ടെടുക്കുന്നതിന് ശ്രീ ഹരികൃഷ്ണൻ നായർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)

ശ്രീ. ജി.ഹരികൃഷ്ണൻ നായർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.02.19
09:33:41 IST
Reason: Approved
സെക്ഷൻ ഓഫീസർ